"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്-എക്സൈസ്-ഭരണപരം-2024-2025 സാമ്പത്തിക വർഷത്തേയ്ക്ക് എക്സൈസ് വകുപ്പിന് അനുവദിച്ചിട്ടുള്ള പദ്ധതി ഇനങ്ങൾക്ക് -ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(കൈ) നം.45/2024/TAXES തീയതി,തിരുവനന്തപുരം, 22-07-2024

---

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 19.06.2024 ലെ ഇ.എക്സ്.സി/4402/2023 - എക്സ്.എഫ്.ബി1 നമ്പർ കത്ത്.
2. 25.06.2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ തീരുമാനം.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിന് 2024-2025 സാമ്പത്തിക വർഷത്തേയ്ക്ക് '2039-00-001-94 എക്സൈസ് വകുപ്പിന്റെ നവീകരണം' ശീർഷകത്തിൽ 7,85,00,000/-രൂപയും ,'2039-00-001-84 Implementation of Track and Trace System' ശീർഷകത്തിൽ 17,14,000/-രൂപയും,'2039-00-001-88 വിമുക്തി' ശീർഷകത്തിൽ 9,50,86,000/-രൂപയും,'2039-00-800-96-എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ' ശീർഷകത്തിൽ 37,00,000/-രൂപയും വകയിരുത്തിയിരുന്നു. 2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതികളുടെ പൂർത്തീകരണത്തിനായി 82,15,593/- രൂപ ഇ-ലാംസിൽ പോസ്റ്റ് ചെയ്തിട്ടുള്ളതാണ്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറി നൽകുന്നതിനും BDS/WAMS പേയ്മെന്റിനുള്ള അലോട്ട്മെന്റ് നൽകുന്നതിനുമായി 08/04/2024-ലെ 23/2024/ധന നമ്പർ സർക്കുലർ, 30/03/2024-ലെ 21/2024/ധന നമ്പർ സർക്കുലർ എന്നിവ പ്രകാരം 78,90,750/- രൂപ 2024-25 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും അനുവദിക്കേണ്ടതുണ്ട്. അത് കിഴിച്ച് 16,28,93,657/- (1628.94 ലക്ഷം) രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

I. '<u>2039-00-001-94-എക്സൈസ് വകുപ്പിന്റെ നവീകരണം '( 6,56,39,347/-രൂപ )</u>

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | വാഹനം വാങ്ങൽ | 350 ലക്ഷം രൂപ |
| 2 | എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങൽ | 20 ലക്ഷം രൂപ |

| | | |
|---|---|---|
| 3 | ചെക്ക്പോസ്റ്റുകളുടെ നവീകരണം | 50 ലക്ഷം രൂപ |
| 4 | മയക്ക മരുന്ന് ഉപഭോഗം കണ്ടെത്തൽ കിറ്റ് | 6 ലക്ഷം രൂപ |
| 5 | സൈബർ സെൽ നവീകരിക്കൽ | 22.73 ലക്ഷം രൂപ |
| 6 | ഐ.ടി വിഭാഗത്തിന്റെശാക്തീകരണം | 10.75 ലക്ഷം രൂപ |
| 7 | എക്സൈസ് ഓഫീസുകളിൽ സിസിടിവി സ്ഥാപിക്കൽ | 39.40 ലക്ഷം രൂപ |
| 8 | കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ റീപ്ലെസ് ചെയ്യൽ | 25 ലക്ഷം രൂപ |
| 9 | എൻ ഡി പി എസ് ഗോഡൗണുകളുടെ നവീകരണം | 30 ലക്ഷം രൂപ |
| 10 | റേഞ്ച് ഓഫീസുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ | 37.51 ലക്ഷം രൂപ |
| 11 | ദക്ഷിണ മേഖല മൊബൈൽ ലിക്വർ ലാബിന്റെ ബസും, ഉപകരണങ്ങളും റിപ്ലേസ് ചെയ്യുന്നതിലേക്ക് | 65 ലക്ഷം രൂപ |

II. '2039-00-001-84-Track and Trace സംവിധാനം' ( 17.14 ലക്ഷം രൂപ)

III. '2039-00-001-88-വിമുക്തി' (9,18,40,310/-രൂപ)

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | 14 ജില്ലാ ഡീ-അഡിക്ഷൻ സെന്ററുകൾ, സ്ത്രീകൾക്കും & കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സൗകര്യം, എന്നിവിടങ്ങളിലെ താത്കാലിക /കരാർ ജീവനക്കാരുടെ വേതനം, 14 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ താത്കാലിക കരാർ വേതനം | 567.02 ലക്ഷം |
| 2 | 14 ജില്ലാ ഡീ-അഡിക്ഷൻ സെന്ററുകൾ, സ്ത്രീകൾക്കും & കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സൗകര്യങ്ങൾ, എന്നിവിടങ്ങളിലെ മരുന്ന്, മറ്റ് അനുബന്ധ ചെലവുകൾ, മേഖലാ കൗൺസിലിംഗ് സെന്ററുകളിലെ കരാർ വേതനം, മറ്റ് ചെലവുകൾ | 28.032 ലക്ഷം |
| 3 | 14 വിമുക്തി ജില്ലാ മാനേജർമാരുടെ ശമ്പളം, മറ്റ് അലവൻസ് എന്നിവയ്ക്കുള്ള ചെലവ് | 184.80 ലക്ഷം |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓവർ ഹെഡ് | 10 ലക്ഷം |
| 5 | സ്കൂളുകളിൽ ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുടെ ശക്തിപ്പെടുത്തൽ | 25 ലക്ഷം |
| 6 | ഉണർവ്വ് പദ്ധതി നടപ്പാക്കൽ | 23.54 ലക്ഷം |
| 7 | ആദിവാസി / തീരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ | 25 ലക്ഷം |
| | എൻഎസ്എസ്/എസ്.പി.സി /എൻസിസി/സ്കൗട്ട് | |

| | | |
|---|---|---|
| 8 | ആൻഡ് ഗൈഡ്സ് /ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ, നേർക്കൂട്ടം /ശ്രദ്ധ കമ്മിറ്റികളുടെ ഭാഗമായ പ്രവർത്തനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, അതിഥി തൊഴിലാളികൾക്കിടയിലെ പ്രവർത്തനം, അവയർനെസ്സ് സ്റ്റാളുകൾ, ഫ്ലോട്ടുകൾ മുതലായവ സജ്ജീകരിക്കുക മറ്റ് വകുപ്പുകൾ, കുടുംബശ്രീ, മറ്റ് വിവിധ സംഘടനകൾ മുതലായവയിലൂടെ വിവിധ പ്രവർത്തനങ്ങൾ | 30 ലക്ഷം |
| 9 | വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം (അച്ചടി/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ, KSRTC/Railway/Malls/സോഷ്യൽ മീഡിയ, etc.) | 25 ലക്ഷം |

IV.'2039-00-800-96-എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ ' (37,00,000/-രൂപ)

1.എക്സൈസ് അക്കാദമിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നത് ( 50 KWP Grid Connected Solar Power Plant ) - 37 ലക്ഷം രൂപ

എക്സൈസ് അക്കാദമിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി (50 KWP Grid Connected Solar Power plant) ,അനെർട്ടിലെ വിദഗ്ധർ എക്സൈസ് അക്കാദമിയിൽ പരിശോധന നടത്തിയതിൽ ഇവിടെ നിലവിലുള്ള വൈദ്യുതി ഉപഭോഗവും ഭാവിയിൽ ഉപഭോഗത്തിൽ ഉണ്ടാകുന്ന വർദ്ധനയും കണക്കിലെടുത്ത് ഒരു 50 KWP സോളാർ പവർപ്ലാന്റ് (30 KWP Grid connected Solar power plant) സ്ഥാപിക്കുന്നത് ഗുണകരമായിരിക്കുമെന്നും ആയതിന് 37 ലക്ഷം രൂപ ചെലവ് വരുമെന്നും ആയതിനാൽ അനെർട്ടിലെ വിദഗ്ധർ തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി 37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് എക്സൈസ് കമ്മീഷണർ അപേക്ഷിച്ചിരിക്കുന്നു

2.മേൽ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ,25.06.2024 ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയ ശിപാർശകൾ വിശദമായി പരിശോധിക്കുകയും,ചുവടെ പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി.

I .'2039-00-001-94-എക്സൈസ് വകുപ്പിന്റെ നവീകരണം'( 6,56,39,347/-രൂപ )

1) വാഹനങ്ങൾ വാങ്ങുന്നതിന് വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാക്കി ധനവകുപ്പിന്റെ അനുമതിയോടെ മന്ത്രിസഭായോഗത്തിന്റെ അനുമതിയ്ക്ക് വിധേയമായി 33 വാഹനങ്ങൾ വാങ്ങുന്നതിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകാവുന്നതിനായി നടപടി സ്വീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

2) എക്സൈസ് ഓഫീസുകളുടെ അനുദിന എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിനും, ഉദ്യോഗസ്ഥരുടെ സുരക്ഷയ്ക്കുമായി വിവിധതരം എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് 20,00,000/- രൂപയുടെ ഭരണാനുമതി നൽകുന്നതിന് യോഗം അംഗീകാരം നൽകി.

3) തിരുവനന്തപുരം ജില്ലയിലെ ആറ്റുപുറം, മലപ്പുറം ജില്ലയിലെ വഴിക്കടവ് ചെക്ക്പോസ്റ്റുകളിലെ രണ്ട് കണ്ടെയ്നർ മൊഡ്യൂളുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഒന്നിനു 25 ലക്ഷം രൂപ നിരക്കിൽ ആകെ 50 ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് യോഗം തീരുമാനിച്ചു.

4)മയക്കുമരുന്നിന്റെ ഉപഭോഗം കണ്ടെത്തുകയെന്നത് നിലവിലെ സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമായതിനാൽ ആയതിന് ആവശ്യമായി സമർപ്പിച്ചിട്ടുള്ള വിഹിതം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ആയതിനനുസൃതമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിന് യോഗം തീരുമാനിച്ചു.

5) 2039-00-001-94-34-3-PV എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അലിബി ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിന് നൽകാനുള്ള 19,65,800/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകാമെന്നും വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ പ്രസ്തുത തുക കുറവ് ചെയ്യണമെന്നും ധനവകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഇനി ഭരണാനുമതി നൽകേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

6)എക്സൈസ് വകുപ്പിന്റെ ഐ.റ്റി സെൽ ശാക്തീകരിക്കുന്നതിലേക്കായി എക്സൈസ് വകുപ്പിലെ ഐ.റ്റി സെൽ വിദഗ്ധർ തയ്യാറാക്കിയ 10.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ,ആയത് നടപടിക്രമങ്ങൾ പാലിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

7) എക്സൈസ് വകുപ്പിൽ ഇനി സി.സി.ടിവി സ്ഥാപിക്കുന്നതിന് ബാക്കിയുള്ള 136 ഫീൽഡ് ഓഫീസുകളിൽ കൂടി സി.സി.ടിവി ക്യാമറ സ്ഥാപിക്കേണ്ടതുണ്ടെന്നും രണ്ടാം ഘട്ടമായി ആയതിൽ 50 ഫീൽഡ് ഓഫീസുകളിൽ 4 ക്യാമറ എന്ന കണക്കിൽ 200 സി.സി.ടിവി ക്യാമറ സ്ഥാപിക്കാൻ ഓഫീസ് ഒന്നിന് ഉദ്ദേശം 78,800/-രൂപ വീതം ആകെ 39,40,000/- രൂപ അനുവദിക്കേണ്ടതുണ്ടെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചു. സുരക്ഷയുടെ ഭാഗമായി സി.സി.ടിവി ഓഫീസുകളിൽ അല്ലാതെ മറ്റിടങ്ങളിൽ സ്ഥാപിക്കുന്നതിന് അനിവാര്യമാണെന്ന് കാണുന്നതിനാൽ ആയത് കൂടി പരിശോധിച്ച് പ്രൊപ്പോസൽ റിവൈസ് ചെയ്യുന്നത് ഉചിതമാണെന്ന് യോഗം നിരീക്ഷിക്കുകയും ,സൈബർ സെൽ നവീകരണവുമായി ബന്ധപ്പെട്ട് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതില്ലെന്നതിനാൽ ആയതിനായി വകയിരുത്തിയിട്ടുള്ള തുക ഇക്കാര്യത്തിൽ അധികമായി വിനിയോഗിക്കാവുന്നതാണെന്നും ,ഇപ്രകാരം നടപടി സ്വീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

8) കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ ഉപയോഗിക്കുന്നതിലൂടെ ഉദ്യോഗസ്ഥരുടെ സമയനഷ്ടവും, ജോലിഭാരവും കൂടുന്നതിനാൽ വകുപ്പിൽ ഉപയോഗിക്കുന്ന കാലപ്പഴക്കം ചെന്ന 50 കംപ്യൂട്ടറുകൾ റീപ്ളേസ് ചെയ്യുന്നതിലേക്കായി ഒരു കംപ്യൂട്ടറിനു 50,000/-രൂപ നിരക്കിൽ 25 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ടെന്നുള്ളതിനാൽ ,റീപ്ലെയിസ് ചെയ്ത് പുതിയത് വാങ്ങുവാൻ ഉദ്ദേശിക്കുന്ന 50 കംപ്യൂട്ടറുകൾ സംബന്ധിച്ച Detailed specification സഹിതം Technical Committee — യുടെ അംഗീകാരത്തോടെ GeM അല്ലെങ്കിൽ CPRCS മുഖേന നിലവിലെ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിന് അനുമതി നൽകുന്നതിന് വർക്കിംഗ് യോഗം തീരുമാനിച്ചു.

9)എൻ.ഡി.പി.എസ് കേസുകളിലെ തൊണ്ടി മുതലുകൾ സൂക്ഷിക്കുന്നതിലേക്കായി പ്രാഥമികഘട്ടത്തിൽ 4 എൻ.ഡി.പി.എസ് ഗോഡൗണുകൾ നവീകരിക്കുന്നതിലേക്കായി , പ്രസ്തുത പ്രവർത്തികളിൽ Civil work ഉൾപ്പെടുന്നുണ്ടെങ്കിൽ ഭരണാനുമതി നൽകുന്നതിന് മുൻപായി വിശദമായ എസ്റ്റിമേറ്റ് സഹിതം ഫയൽ ധനവകുപ്പിന് സമർപ്പിച്ച് അംഗീകാരം തേടേണ്ടതാണെന്നും , ആയതിൻപ്രകാരം നടപടി സ്വീകരിക്കുന്നതിന് യോഗം തീരുമാനിക്കുകയും ചെയ്തു.

10) എക്സൈസ് വകുപ്പിന്റെ കീഴിലുള്ള 50 റേഞ്ച് ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പർച്ചേസുകൾ 05.11.2020 തീയതിയിലെ GO(P)No.152/2020/FIN നമ്പർ ഉത്തരവ് പ്രകാരം നടത്തേണ്ടതാണെന്നുള്ളതിനാൽ

ആയതിൻപ്രകാരം നടപടി സ്വീകരിക്കുന്നതിന് യോഗം തീരുമാനിക്കുകയും ചെയ്തു.

11) എക്സൈസ് വകുപ്പിന്റെ കീഴിലുള്ള മൊബൈൽ ലാബിന്റെ കൃത്യതയുള്ള പ്രവർത്തനത്തിലേക്കായി പുതിയ ബസ് വാങ്ങുന്നത് സംബന്ധിച്ചും അനുബന്ധഉപകരണങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയും വിശദമായ എസ്റ്റിമേറ്റ് സഹിതം ഫയൽ ധനവകുപ്പിന് സമർപ്പിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

II. '2039-00-001-84-Track and Trace സംവിധാനം' (17.14 ലക്ഷം രൂപ)

മുൻപ് നൽകിയ ഭരണാനുമതി തുകയ്ക്ക് ഉള്ളിൽ നിന്ന് കൊണ്ട് Track and Trace സംവിധാനം നടപ്പാക്കുന്നതിനായി ആകെ ചെലവഴിച്ച തുക കണക്കാക്കി പ്രസ്തുത തുകയ്ക്ക് പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിക്കണം എന്നും അപ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള തുക നടപ്പ് വർഷത്തെ ബജറ്റ് പ്രോവിഷനിൽ നിന്നും നീക്കി വച്ചതിന് ശേഷം ബാക്കി തുകയ്ക്ക് മാത്രമേ വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസൽ സമർപ്പിക്കാവൂ എന്നും ധന വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം നിലവിലെ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കേണ്ടതില്ലെന്ന് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ഇക്കാര്യം പരിഗണിക്കേണ്ടതില്ലെന്ന് യോഗം വിലയിരുത്തി.

III. '2039-00-001-88-വിമുക്തി ' (9,18,40,310/-രൂപ)

എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്രൊപോസൽ പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് യോഗം തീരുമാനിച്ചു.

IV. '2039-00-800-96-എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ ' (37,00,000/-രൂപ).

എക്സൈസ് അക്കാദമിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി (50 KWP Grid Connected Solar Power plant) അനെർട്ടിലെ വിദഗ്ധർ തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി 37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് യോഗം അംഗീകാരം നൽകി

3.സർക്കാർ പരാമർശം (1) പ്രകാരമുള്ള ശിപാർശ വിശദമായി പരിശോധിച്ചു.എക്സൈസ് വകുപ്പിന് 2024-2025 സാമ്പത്തിക വർഷത്തേയ്ക്ക് '2039-എക്സൈസ്" ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ, 25.06.2024 ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ശിപാർശ ചെയ്ത പ്രകാരം,ചുവടെ പരാമർശിച്ചിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

I. '2039-00-001-94 എക്സൈസ് വകുപ്പിന്റെ നവീകരണം'

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങൽ | 20 ലക്ഷം രൂപ |

II. '2039-00-001-88 വിമുക്തി' (9,18,40,310/-രൂപ) .

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 14 ജില്ലാ ഡീ-അഡിക്ഷൻ സെന്ററുകൾ, സ്ത്രീകൾക്കും & കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സൗകര്യം, എന്നിവിടങ്ങളിലെ താത്കാലിക /കരാർ ജീവനക്കാരുടെ വേതനം, 14 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ താത്കാലിക കരാർ വേതനം | 567.02 ലക്ഷം |
| 2 | 14 ജില്ലാ ഡീ-അഡിക്ഷൻ സെന്ററുകൾ, സ്ത്രീകൾക്കും & കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സൗകര്യങ്ങൾ, എന്നിവിടങ്ങളിലെ മരുന്ന്, മറ്റ് അനുബന്ധ ചെലവുകൾ, മേഖലാ കൗൺസിലിംഗ് സെന്ററുകളിലെ കരാർ വേതനം, മറ്റ് ചെലവുകൾ | 28.032 ലക്ഷം |
| 3 | 14 വിമുക്തി ജില്ലാ മാനേജർമാരുടെ ശമ്പളം, മറ്റ് അലവൻസ് എന്നിവയ്ക്കുള്ള ചെലവ് | 184.80 ലക്ഷം |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓവർ ഹെഡ് | 10 ലക്ഷം |
| 5 | സ്കൂളുകളിൽ ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുടെ ശക്തിപ്പെടുത്തൽ | 25 ലക്ഷം |
| 6 | ഉണർവ്വ് പദ്ധതി നടപ്പാക്കൽ | 23.54 ലക്ഷം |
| 7 | ആദിവാസി / തീരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ | 25 ലക്ഷം |
| 8 | എൻഎസ്എസ്/എസ്.പി.സി /എൻസിസി/സ്കൗട്ട് ആൻഡ് ഗൈഡ്സ് /ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ, നേർക്കൂട്ടം /ശ്രദ്ധ കമ്മിറ്റികളുടെ ഭാഗമായ പ്രവർത്തനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, അതിഥി തൊഴിലാളികൾക്കിടയിലെ പ്രവർത്തനം, അവയർനെസ്സ് സ്റ്റാളുകൾ, ഫ്ലോട്ടുകൾ മുതലായവ സജ്ജീകരിക്കുക മറ്റ് വകുപ്പുകൾ, കുടുംബശ്രീ, മറ്റ് വിവിധ സംഘടനകൾ മുതലായവയിലൂടെ വിവിധ പ്രവർത്തനങ്ങൾ | 30 ലക്ഷം |
| 9 | വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം (അച്ചടി/ദൃശ്യ/ശ്രാവ്യ മാധ്യമങ്ങൾ, KSRTC/Railway/Malls/സോഷ്യൽ മീഡിയ, etc.) | 25 ലക്ഷം |

III. '2039-00-800-96 എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ'

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | എക്സൈസ് അക്കാദമിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നത് ( 50 KWP Grid Connected Solar Power Plant ) | 37 ലക്ഷം രൂപ |

<u>പൊതുവ്യവസ്ഥകൾ</u>

1.സ്റ്റോർ പർച്ചേസ് മാന്വലിലെ നിലവിലുള്ള ചട്ടങ്ങളും നിർദേശങ്ങളും പാലിച്ചു കൊണ്ട് സുതാര്യമായ രീതിയിൽ മാത്രമേ ജോലികളും,വാങ്ങലുകളും നടത്താവൂ.
2.ബന്ധപ്പെട്ട ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ചെലവ് നടത്താവൂ.അധികഫണ്ട് യാതൊരു വിധത്തിലും അനുവദിക്കുന്നതല്ല.
3.ഭരണാനുമതി അനുസരിച്ചുള്ള രീതിയിൽ തന്നെയാണ് ഫണ്ട് ചെലവഴിക്കുന്നത് എന്നത് എക്സൈസ് കമ്മീഷണർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ ,തിരുവനന്തപുരം.
2.മെമ്പർ സെക്രട്ടറി ,കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-
ഇ.ആർ.എസ്.എ) കേരളം,തിരുവനന്തപുരം.
4.നികുതി (ജി) വകുപ്പ്
5.ധനകാര്യ വകുപ്പ്.
6.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
7.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 25-07-2024 12:35:46
സെക്ഷൻ ഓഫീസർ

പകർപ്പ് :- 1.ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2.നികുതി (എക്സൈസ് ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ
പി.എ- യ്ക്ക്.
3.നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി .എ- യ്ക്ക്.